**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1284** **07-02-2023 - ൽ മറുപടിയ്ക്ക്**

**പള്ളിക്കമണ്ണടി - കുമ്മല്ലൂർ പാലങ്ങളുടെ നിർമ്മാണം.**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി എസ് ജയലാൽ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | ചാത്തന്നൂർ മണ്ഡലത്തിൽ ഉൾപ്പെട്ട പള്ളിക്കമണ്ണടി - കുമ്മല്ലൂർ പാലങ്ങളുടെ നിർമ്മാണത്തിനായി അന്തിമ ഭരണാനുമതി നൽകുന്നതിനുള്ള കിഫ്ബി നടപടികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; | (എ) | കൊല്ലം ജില്ലയിലെ ചാത്തന്നൂർ നിയോജകമണ്ഡലത്തിൽപെട്ടുന്ന കുമ്മല്ലൂർ പാലം കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിക്കുന്നതിനായി 12 കോടി രൂപയുടെ തത്വത്തിൽ ഭരണാനുമതി നൽകിയിരുന്നു. തുടർന്ന് പദ്ധതിയുടെ പേര് കുമ്മല്ലൂർ പാലം എന്നതിന് പകരം കുമ്മല്ലൂർ പള്ളിക്കമണ്ണടി പാലം നിർമ്മാണം എന്ന് മാറ്റം വരുത്തി 15.70 കോടി രൂപയുടെ പുതുക്കിയ തത്വത്തിൽ ഭരണാനുമതി നൽകി ഉത്തരവായിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ കുമ്മല്ലൂർ പള്ളിക്കമണ്ണടി പാലങ്ങളുടെ നിർമ്മാണത്തിനായുള്ള 12.07 കോടി രൂപയുടെ DPR 16/07/2022-ന് കിഫ്ബി പോർട്ടലിൽ സമർപ്പിച്ചിട്ടുണ്ട്. ആയതിന് സാമ്പത്തിക അനുമതി നൽകുന്നതിനുള്ള നടപടികൾ കിഫ്ബിയിൽ പുരോഗതിയിലാണ്. |
| (ബി) | പ്രസ്തുത പാലം നിർമ്മാണത്തിന് അനുമതി നൽകുന്നതുമായി ബന്ധപ്പെട്ട് നിലവിൽ എന്തെങ്കിലും തടസങ്ങൾ ഉണ്ടോ എന്നും ഉണ്ടെങ്കിൽ അവ എന്തെല്ലാമെന്നും വിശദമാക്കാമോ? | (ബി) | പള്ളിക്കമണ്ണടി പാലത്തിന്റെ സ്ഥലം ഏറ്റെടുക്കൽ നടപടികൾ നടന്നു വരുന്നു. അതിന്റെ 11(1) നോട്ടിഫിക്കേഷൻ 03/02/2022-ന് പ്രസിദ്ധീകരിച്ചിട്ടുണ്ട്. കിഫ്ബിയിൽ നിന്നും സാമ്പത്തിക അനുമതി ലഭ്യമാകുന്നതിലെ കാലതാമസം കണക്കിലെടുത്തുകൊണ്ട് 03.02.2023 ൽ കാലാവധി അവസാനിക്കുന്ന നോട്ടിഫി ക്കേഷൻ കാലാവധി ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ചു നൽകുന്നതിനായി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ബേസിക് വാല്യുവേഷൻ റിപ്പോർട്ട് ജില്ലാ കളക്ടർ അംഗീകരിച്ചിട്ടുണ്ട്. റവന്യൂ വകുപ്പ് തയ്യാറാക്കിയ ഡീറ്റെയിൽഡ് വാല്യൂഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം നഷ്ടപരിഹാര തുകയായി 1,56,40,693.00/- രൂപ കണക്കാക്കി 07.12.2022 ൽ ലഭ്യമായിട്ടുണ്ട്.<br><br>കിഫ്ബിയിൽ നിന്നും കുമ്മല്ലൂർ പള്ളിക്കമണ്ണടി പാലങ്ങളുടെ നിർമ്മാണ ത്തിനായുള്ള സാമ്പത്തിക അനുമതി ലഭ്യമായാൽ ഉടൻ തന്നെ |

| | | | |
|---|---|---|---|
| | | | നഷ്ടപരിഹാരത്തുക റവന്യൂ വകുപ്പിൽ ഒടുക്കി സ്ഥലം ഏറ്റെടുക്കുന്നതിനുള്ള തുടർനടപടികൾ റവന്യൂ വകുപ്പിൽ സ്വീകരിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ